LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പിണറായി പഞ്ചായത്തിലെ മേലൂർക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 244 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി നബാർഡിന്റെ സാമ്പത്തികസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചു കഴിഞ്ഞു. ഇവിടെ പറഞ്ഞത് ധനകാര്യ വകുപ്പ് ഈ നബാർഡ് സഹായത്തിന് എതിരുനിൽക്കുന്നു എന്നാണ്. പക്ഷേ, അങ്ങനെയല്ല, 350 കോടി രൂപയുടെ നബാർഡ് സഹായം ആവശ്യപ്പെടാൻ ധനകാര്യവകുപ്പ് അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ആ സാഹചര്യത്തിൽ ഇനി ബോംബെയിൽ നബാർഡ് പ്രോസ്സസ് ചെയ്തുകഴിഞ്ഞാൽ നമുക്ക് ഈ രണ്ട് പാലവും ഉടൻതന്നെ ലഭ്യമാകുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കാം.

(12) പട്ടാമ്പിയിലെ വിളയൂർ-കൈപ്പുറം റോഡിന്റെ പണി

ശ്രീ. സി. പി. മുഹമ്മദ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വിളയൂർ-കൈപ്പുറം റോഡിന്റെ പണി ടെണ്ടർ ചെയ്ത് വർഷങ്ങളായിട്ടും പണിപൂർത്തിയാക്കാതെ ജനങ്ങൾ ദുരിതത്തിലായിരിക്കുകയാണ്. ജനപ്രതിനിധികളെല്ലാവരും നിരന്തരം ആവശ്യപ്പെട്ടിട്ടും ഡിപ്പാർട്ടുമെന്റ് നോട്ടീസ് അയച്ചിട്ടും ഈ കരാറുകാരൻ പണി പൂർത്തിയാക്കുന്നില്ല. എന്റെ അറിവുപ്രകാരം വളരെയധികം വർക്കുകൾ ഇങ്ങനെ ഏറ്റെടുത്ത് പണിപൂർത്തിയാക്കാത്ത ഒരു കരാറുകാരനാണിയാൾ. ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്ത് ഈ റോഡിനടുത്തുള്ള പുലാമന്തോൾ പാലം മൂന്നുകോടി രൂപ ചെലവിൽ യുദ്ധകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തുതന്നെ ഏറ്റവുംപെട്ടെന്ന് പണിപൂർത്തിയാക്കി. ഇങ്ങനെ ഒരു പാലംപണി കഴിഞ്ഞ സ്ഥലത്ത് ബഹുമാനപ്പെട്ട മന്ത്രി താൽപ്പര്യമെടുത്ത് ഇത്രയുംതുക ഈ റോഡിനുവേണ്ടി അനുവദിച്ചിട്ടും വർഷങ്ങളായി ജനങ്ങളെ ദുരിതത്തിലാക്കുന്ന അവസ്ഥയ്ക്ക് അവസാനം കാണണം. ഒന്നുകിൽ ഈ കരാറുകാരനെ ടെർമിനേറ്റുചെയ്യണം. പെട്ടെന്ന് ടെർമിനേറ്റു ചെയ്യണമോ വേണ്ടയോ എന്നുള്ളത് ഡിപ്പാർട്ടുമെന്റ് തീരുമാനിക്കട്ടെ. ഈ പണി പെട്ടെന്ന് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്തുവകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ)*: സർ, വിളയൂർ-കൈപ്പുറം റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ പണികൾക്കുവേണ്ടി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ ഉത്തരവ് സാധാരണ നമ്പർ 509/2002 തീയതി 14-6-2002 പ്രകാരം ഭരണാനുമതി നൽകിയിരുന്നു. റോഡുകളും പാലങ്ങളും വിഭാഗത്തിന്റെ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും 16-1-2003-ൽ 67 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് കരാർ ഉറപ്പിച്ച ടി. കെ. അലിക്കുട്ടി എന്ന കരാറുകാരന് 31 ശതമാനം താഴ്ത്തി നൽകിയിരുന്നു. പണിക്കാവശ്യമായ സ്ഥലം 11-8-2003-ൽ കൈമാറുകയും കരാർ പ്രകാരം ഒരു വർഷത്തിനുള്ളിൽ പണി പൂർത്തീകരിക്കേണ്ടതുമായിരുന്നു.

കരാറുകാരന്റെ തികഞ്ഞ അനാസ്ഥമൂലം നാളിതുവരെ 15 ശതമാനം പണികൾ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പണിയിൽ ശുഷ്ക്കാന്തി കാണിക്കാത്ത സാഹചര്യത്തിൽ ടിയാനുമായുള്ള കരാർ റദ്ദാക്കി ബാക്കി പണികൾ rearrange ചെയ്യാനുള്ള നടപടികളെടുത്തിട്ടുണ്ട്. എത്രയുംവേഗം ഇതുസംബന്ധിച്ച് തീരുമാനം കൈക്കൊണ്ട് ബാക്കി പണി ദർഘാസ് ക്ഷണിച്ച് rearrange ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(13) കോട്ടപ്പാടത്ത് ഒരാൾ മരണപ്പെട്ടതും രണ്ടുപേർക്ക് പരിക്കുപറ്റിയതും സംബന്ധിച്ച്

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, വളരെ വേദനാജനകമായ ഒരു സംഭവമാണ് ഇന്നലെ വൈകുന്നേരം 6.30-ന് എന്റെ നിയോജകമണ്ഡലത്തിൽ നടന്നത്. മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കോട്ടപ്പാടത്ത് ബീമനാട്വച്ച് 33 കെ.വി. ലൈൻ റിപ്പയർ ചെയ്യുന്ന സ്ഥാഹചര്യത്തിൽ പെട്ടെന്ന് കറന്റ് വരികയും ആ പോസ്റ്റിൽവച്ചുതന്നെ വളരെ ദാരുണമായി ഹരിദാസ് എന്ന യുവാവ് മരണപ്പെടുകയും അയ്യപ്പദാസ്, മോഹൻരാജ് എന്നിവർ പോസ്റ്റിൽനിന്നും തെറിച്ചുവീഴുകയും അവരെ പെരിന്തൽമണ്ണ സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തിരിക്കുകയാണ്. ഇങ്ങനെ കറന്റ് പെട്ടെന്ന് വരാനുള്ള സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നും മരണപ്പെട്ടയാളിന്റെ കുടുംബത്തിനും പരിക്കുപറ്റിയവർക്കും അടിയന്തിരസഹായം അനുവദിക്കണമെന്നും സബ്മിഷനിലൂടെ ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 26-7-2005 ചൊവ്വാഴ്ച രാത്രി 8 മണിക്ക് മണ്ണാർക്കാട് അലനെല്ലൂർ 33 കെ.വി. സബ്സ്റ്റേഷൻ ലൈനിൽ പണിയെടുത്തു കൊണ്ടിരുന്ന തൊഴിലാളികൾ, അത് റിലയൻസിന്റെ തൊഴിലാളികളാണ്. റിലയൻസിന് നേരത്തേ കോൺട്രാക്ട് കൊടുത്ത അടിസ്ഥാനത്തിൽ ഒരു വർഷത്തിനുള്ളിലുണ്ടാകുന്ന എല്ലാ മെയിന്റനൻസും അവർ നടത്തേണ്ടതാണ്. അവർ റിലയൻസിന്റെ തൊഴിലാളികളാണ്. ഏതായാലും അവർ അവിടെ കയറി maintenance work നടത്തുകയായിരുന്നു. 25-ാം തീയതി അലനെല്ലൂർ, മണ്ണാർക്കാട് പ്രദേശങ്ങളിലൊക്കെ അതിശക്തിയായ മഴയും കാറ്റുമുണ്ടായി. അതിന്റെ ഫലമായി ചില ലൈനുകളൊക്കെ പൊട്ടി. അങ്ങനെ പൊട്ടിവീണപ്പോൾ 25-ാം തീയതിതന്നെ അലനെല്ലൂർ സബ്സ്റ്റേഷൻ ലൈൻ ഓഫ് ചെയ്തു, അത് പ്രവർത്തിച്ചില്ല. അന്നുതന്നെ അത് ഓഫ് ചെയ്തതാണ്. അതുകൊണ്ടുതന്നെയാണ് 26-ാം തീയതി ഇവർ ടവറിന്റെ മുകളിൽ കയറി ജോലി ചെയ്യാനിടയായത്. പിറ്റേദിവസവും നല്ല കാറ്റും മഴയുമുള്ളതുകൊണ്ട് അവിടെ പല

LIBRARY ARCHIVES Kerala Legislative Assembly